# Kerala Catholic Bishops' Council (KCBC)

Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India

Tel: +91-484-2805722, 2805815

E-mail : deputysecretarykcbc@gmail.com, www.kcbcsite.com


All Kerala Press Release

*Ref: 890/KCBC/K-6/KPR/DS* 02.02.2023

**ബൈബിൾ കത്തിച്ച സംഭവം; മാതൃകാപരമായ ശിക്ഷ ഉറപ്പാക്കണം: കെസിബിസി**

കൊച്ചി : ക്രൈസ്തവ മതഗ്രന്ഥമായ വിശുദ്ധ ബൈബിൾ ഒരു വർഗ്ഗീയവാദി കത്തിച്ച് അതിന്റെ വീഡിയോ എടുത്ത് സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് സമൂഹത്തിൽ നിലനില്ക്കുന്ന മതസൗഹാർദ്ദവും സമാധാനവും നശിപ്പിക്കാൻ ശ്രമിച്ചത് അത്യന്തം നിർഭാഗ്യകരവും അപലപനീയവുമാണ്. വളരെ സമാധാനപൂർവ്വം ജീവിക്കുന്ന ക്രൈസ്തവസമൂഹം തങ്ങളുടെ നേരെ വരുന്ന ഇത്തരം പ്രകോപനപരമായ അവഹേളനങ്ങളെയും അധിക്ഷേപങ്ങളെയും ക്രൈസ്തവ ശൈലിയിൽ അവഗണിച്ചു കളയുന്നതാണ്, ഇത്തരക്കാരെ ഇങ്ങനെ പ്രതികരിക്കാൻ പ്രേരിപ്പിക്കുന്നത്. ക്രൈസ്തവർ സമാധാനപരമായി തന്നെ സഹവർത്തിക്കാനാണ് ആഗ്രഹിക്കുന്നത്.

സമൂഹത്തിൽ മതസ്പർദ്ധ വളർത്തുന്ന തരത്തിലുള്ള ഒരു പ്രവർത്തിയും ആരുടെ ഭാഗത്തു നിന്നും ഉണ്ടാകരുത്. ലോകത്ത് ഒരിടത്തും മതഗ്രന്ഥങ്ങളും മതചിഹ്നങ്ങളും അവഹേളനത്തിന് വിധേയമാക്കപ്പെടരുത് എന്നതാണ് ക്രൈസ്തവ നിലപാട്. ഇക്കാര്യം ഉറപ്പുവരുത്തേണ്ടത് അതാതു രാജ്യത്തെ പൗരന്മാരുടെ കടമയാണ്; ഭരണാധികാരികളുടെ ഉത്തരവാദിത്വവുമാണ്. ജീവനും സ്വത്തും സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം സർക്കാരിനു ഉള്ളതുപോലെ തന്നെ മതസ്വാതന്ത്ര്യവും സംരക്ഷിക്കാനുള്ള കടമയും സർക്കാരിനുണ്ട്.

സമുദായ സ്പർദ്ധ വളർത്തുന്ന ഇത്തരം വ്യക്തികളെയും പ്രസ്ഥാനങ്ങളെയും രാജ്യത്തിന്റെ നിയമത്തിന്റെ പരിധിയിൽ നിന്ന് നിയന്ത്രിക്കാൻ സർക്കാർ തയ്യാറാകണം. ബൈബിൾ കത്തിച്ചയാൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ച സർക്കാർ നടപടി സ്വാഗതാർഹമാണ്. എന്നാൽ അയാൾക്ക് അർഹമായ ശിക്ഷ വാങ്ങി നൽകുന്നതിലും സർക്കാർ മാതൃകാപരമായി പ്രവർത്തിക്കണം. ഇയാൾക്കുവേണ്ടി വാദിക്കാനും ശിക്ഷയിൽനിന്ന് അയാളെ രക്ഷിക്കാനും അയാളുടെ പിന്നിൽ പ്രവർത്തിക്കുന്നവർ ശക്തമായി മുന്നോട്ടുവരും. അതുകൊണ്ടുതന്നെ ജനാധിപത്യ മതേതര സർക്കാർ മാതൃകാപരമായ നടപടി ക്രമങ്ങളിലൂടെ സമൂഹത്തിൽ മതസൗഹാർദ്ദത്തിനും സമാധാനപരമായ സഹവർത്തിത്വത്തിനും കോട്ടം വരാതിരിക്കാൻ ശ്രദ്ധിക്കണം. വിവിധ രാഷ്ട്രീയ - സാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്നവർ ഇത്രയും ഗൗരവമായ ഒരു സംഭവം സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കപ്പെട്ടിട്ടും പരസ്യമായി പ്രതികരിച്ചതായി കണ്ടില്ല എന്നത് ഭയപ്പെടുത്തുന്ന കാര്യമാണ്.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**

ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./

ഡയറക്ടർ, പി.ഒ.സി.


PRESIDENT

His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

VICE-PRESIDENT

His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

SECRETARY GENERAL

His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chowva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

DEPUTY SECRETARY GENERAL

FR. JACOB G. PALACKAPPILLY
POC, PB No. 2251
Palarivattom, Kochi-685 025
Ph: 0484-2805815,
2805722
Email: jacobgpala@gmail.com